"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി 2024-25- സാമ്പത്തിക വർഷം അങ്കണവാടികൾക്ക് പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് ഇനത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.416/2024/WCDD തീയതി,തിരുവനന്തപുരം, 04-11-2024

---

പരാമർശം:-
1. കേന്ദ്ര സർക്കാരിന്റെ 01.03.2024 തീയതിയിലെ CD-II-14/1/2024-CD-II (e-112569) നം. കത്ത്.
2. സ.ഉ.(സാധാ)നം. 257/2024/WCDD തീയതി 20.07.2024
3. വനിത ശിശു വികസന ഡയറക്ടറുടെ 07/10/2024 ലെ DWCD/2516/2024-ICDSA1 നം കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പ്രതിവർഷം പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രീസ്കൂൾ കിറ്റിനായി 60:40 എന്ന കേന്ദ്ര സംസ്ഥാന അനുപാതത്തിൽ തുക വിനിയോഗിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ cost norms പ്രകാരം പ്രീസ്കൂൾ കിറ്റിനായി ഒരു അങ്കണവാടിയ്ക്ക് 5 വർഷത്തിലൊരിക്കൽ 3000/- രൂപയും 4 വർഷത്തേക്ക് 1000/- രൂപ വീതവുമാണ് അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ള നടപ്പ് വർഷത്തെ APIP യിൽ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് ഇനത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം കേന്ദ്ര വിഹിതമായി അംഗീകരിച്ചിട്ടുള്ള തുകയായ 596.16 ലക്ഷം രൂപയും (60%) ആനുപാതിക സംസ്ഥാന വിഹിതം തുകയായ 397.44 ലക്ഷം രൂപയും (40%) ചേർത്ത് ആകെ 993.6 ലക്ഷം രൂപ 2024-25 സാമ്പത്തിക വർഷത്തെ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റിനായി 33120 അങ്കണവാടികൾക്ക് 3000/-രൂപ നിരക്കിൽ വിനിയോഗിക്കാവുന്നതാണ്.

നടപ്പ് വർഷം അങ്കണവാടികൾക്ക് വിതരണം ചെയ്യേണ്ട പ്രീസ്കൂൾ കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങളെ സംബന്ധിച്ച് 10.05.2024 ന് കൂടിയ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിൽ അങ്കണവാടികൾക്കുള്ള Age appropriate work book ന്റെ പ്രിന്റിംഗിനുള്ള തുക പ്രീസ്കൂൾ കിറ്റിനായുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് തീരുമാനിച്ചിരുന്നു. അതിൻ പ്രകാരം അങ്കണപ്പൂമഴ പ്രായാനുസൃത പ്രവർത്തന പുസ്തകം സിആപ്റ്റ് മുഖേന അച്ചടിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനും, ഇതിനാവശ്യമായ 2,63,52,586/-രൂപ (രണ്ട് കോടി അറുപത്തിമൂന്ന് ലക്ഷത്തി അൻപത്തി രണ്ടായിരത്തി അഞ്ഞൂറ്റി എൺപത്തിയാറ് രൂപ

മാത്രം) പ്രീസ്കൂൾ കിറ്റിനായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ചെലവഴിക്കുന്നതിനും പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. കേന്ദ്ര സർക്കാരിൽ നിന്നുള്ള അംഗീകൃത APIP പ്രകാരം 33120 അങ്കണവാടികൾക്ക് 3000/-രൂപ നിരക്കിൽ 9,93,60,000/-രൂപ (ഒൻപത് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് ഇനത്തിൽ ചെലവഴിക്കാവുന്നതാണ്. അങ്കണവാടികൾക്കുള്ള Age appropriate work book ന്റെ പ്രിന്റിംഗിനുള്ള 2,63,52,586/-രൂപ കുറവ് ചെയ്തിട്ടുള്ള തുകയായ 7,30,07,414/-രൂപ മാത്രമാണ് പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങലിനായി വിനിയോഗിക്കാവുന്നതാണ് എന്ന വിവരം വനിതാ ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിൽ നിന്നും 2024-25 വർഷത്തെ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങുന്നതിനായി തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിലും, അങ്കണവാടി കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് പ്രീസ്കൂൾ ഇനങ്ങൾ വിതരണം ചെയ്യേണ്ടതിനാലും, പ്രീസ്കൂൾ കിറ്റിൽ ഉൾപ്പെടുത്തുന്നതിനായി ടെക്നിക്കൽ കമ്മിറ്റി തീരുമാന പ്രകാരമുള്ള ഇനങ്ങളിൽ നിന്നും ആവശ്യമായവ പ്രീസ്കൂൾ കിറ്റിൽ ഉൾപ്പെടുത്തി ബ്ലോക്ക് ലെവൽ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ശിശു വികസന പദ്ധതി ഓഫീസർമാർ മുഖാന്തിരം വാങ്ങുന്നതിനും, 33120 അങ്കണവാടികൾക്ക് പ്രീസ്കൂൾ കിറ്റ് വാങ്ങി നൽകുന്നതിനായി 60% കേന്ദ്ര വിഹിതം തുകയായ 4,38,04,448/- രൂപയും, 40% സംസ്ഥാന വിഹിതമായ 2,92,02,966/- രൂപയും ചേർത്ത് ആകെ 7,30,07,414/- രൂപ (ഏഴ് കോടി മുപ്പത് ലക്ഷത്തി ഏഴായിരത്തി നാനൂറ്റി പതിനാല് രൂപ മാത്രം) അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയ്ക്കായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും (അക്കൗണ്ട് നം. 40341101052949, IFSC: KLGB0040341) വിനിയോഗിക്കുന്നതിനുമുള്ള ഭരണാനുമതി നൽകണമെന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും 2024-25 വർഷത്തെ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങുന്നതിനായി തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിലും, അങ്കണവാടി കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് പ്രീസ്കൂൾ ഇനങ്ങൾ വിതരണം ചെയ്യേണ്ടതിനാലും, പ്രീസ്കൂൾ കിറ്റിൽ ഉൾപ്പെടുത്തുന്നതിനായി ടെക്നിക്കൽ കമ്മിറ്റി തീരുമാന പ്രകാരമുള്ള ഇനങ്ങളിൽ നിന്നും ആവശ്യമായവ പ്രീസ്കൂൾ കിറ്റിൽ ഉൾപ്പെടുത്തി ബ്ലോക്ക് ലെവൽ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ശിശു വികസന പദ്ധതി ഓഫീസർമാർ മുഖാന്തിരം വാങ്ങുന്നതിനും, 33120 അങ്കണവാടികൾക്ക് പ്രീസ്കൂൾ കിറ്റ് വാങ്ങി നൽകുന്നതിനായി 60% കേന്ദ്ര വിഹിതം തുകയായ 4,38,04,448/- രൂപയും, 40% സംസ്ഥാന വിഹിതമായ 2,92,02,966/- രൂപയും ചേർത്ത് ആകെ 7,30,07,414/- രൂപ (ഏഴ് കോടി മുപ്പത് ലക്ഷത്തി ഏഴായിരത്തി നാനൂറ്റി പതിനാല് രൂപ മാത്രം) അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയ്ക്കായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും (അക്കൗണ്ട് നം. 40341101052949, IFSC: KLGB0040341) വിനിയോഗിക്കുന്നതിനുമുള്ള ഭരണാനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 05-11-2024 15:24:28